"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- കൊല്ലം തുറമുഖത്തെ മലബാർ ടഗ്ഗിന്റെ എയർ കണ്ടീഷണർ മാറ്റി പുതിയത് ബൈബാക്ക് വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.85/2025/F&P തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം: കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06/03/2024, 24/01/2025 എന്നീ തീയതികളിലെ HOKMB-TVM/147/2024-D1 (Tech) നമ്പർ കത്തുകൾ

**ഉത്തരവ്**

എം.ടി മലബാർ ടഗ്ഗിൽ ഉപയോഗിക്കുന്ന 5.5 ടൺ കപ്പാസിറ്റിയുള്ള എ.സി 2015 മുതൽ ഉപയോഗിച്ച് വരുന്നതാണെന്നും ആയത് റിപ്പയർ ചെയ്യുന്നതിലേക്ക് 77,585/- രൂപയുടെ ഓഫറാണ് എ.സി യുടെ നിർമ്മാതാക്കളിൽ നിന്നും ലഭ്യമായത് എന്നും, ഇങ്ങനെ റിപ്പയർ നടത്തിയാൽ കമ്പ്രസറിനു മാത്രം 6 മാസത്തെ ഗാരണ്ടി മാത്രമാണ് നിർമ്മാതാക്കൾ ഓഫർ ചെയ്തിരിക്കുന്നത് എന്നും, ഇത്തരത്തിലുള്ള ഒരു പുതിയ എ.സി നിലവിൽ ലഭ്യമാക്കുന്നതിലേക്ക് 1,75,000/- രൂപ ചിലവാണ് പ്രതീക്ഷിക്കുന്നു എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(എം), എം.ഇ.ഡബ്ല്യു, കൊല്ലം പോർട്ട് അറിയിക്കുകയുണ്ടായെന്ന് സി.ഇ.ഒ റിപ്പോർട്ട് ചെയ്തു. പഴയ എ.സി-കൾക്ക് 10 മുതൽ 12 വർഷം വരെ ലൈഫ് പ്രതീക്ഷിക്കുന്നത് എന്നും, എന്നാൽ ടഗ്ഗുകളിൽ ഉപയോഗിക്കുന്ന എ.സി-കൾ കൂടുതലായും ലവണാന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതിനാൽ മേൽ പ്രതിപാദിച്ച കാലയളവിൽ നിന്നും 2 മുതൽ 3 വർഷം വരെ കുറവ് ലൈഫ് മാത്രമായിരിക്കും ലഭ്യമാകുക എന്നും, ആയതിനാൽ 9 വർഷം പഴക്കമുള്ള നിലവിലെ എ.സി-യിൽ ഇനി ഏകദേശം ഒരു പുതിയ എ.സി-യുടെ വിലയുടെ പകുതിയോളം തുകയുള്ള റിപ്പയർ പ്രവൃത്തികൾ ചെയ്യുന്നത് അഭികാമ്യമായിരിക്കില്ല എന്നും, ആയതിനാൽ ടഗ്ഗിലേക്ക് ഒരു പുതിയ എ.സി ലഭ്യമാക്കുന്നതാണ് ഉചിതം എന്നും വ്യക്തമാക്കിയിരിന്നു. ആയതിനാൽ ടി മലബാർ ടഗ്ഗിന്റെ ക്രൂറൂമിലേക്ക് ഒരു പുതിയ എയർകണ്ടീഷണർ ലഭ്യമാക്കുന്നതിനുള്ള PRICE Software പ്രൊപ്പോസൽ കൊല്ലം തുറമുഖ ഓഫീസർ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ കൊല്ലം തുറമുഖത്തെ എം.ടി മലബാർ ടഗ്ഗിന്റെ ക്രൂ റൂമിലെ 5.5 ടൺ എയർ കണ്ടീഷണർ മാറ്റി പുതിയത് ബൈബാക്ക് വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് PRICE Estimate തയ്യാറാക്കിയ 1,78,000./- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി "5051-80-800-98 -Augmentation of workshop and stores organisation-16 major works എന്ന ശീർഷകത്തിൽ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിക്കണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം തുറമുഖത്തെ എം.ടി മലബാർ ടഗ്ഗിന്റെ

ക്രൂ റൂമിലെ 5.5 ടൺ എയർ കണ്ടീഷണർ മാറ്റി പുതിയത് ബൈബാക്ക് വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് PRICE Software ൽ തയ്യാറാക്കിയ 1,78,000./- (ഒരു ലക്ഷത്തി എഴുപത്തിയെണ്ണായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി "5051-80-800-98-Augmentation of workshop and stores organisation-16 major works എന്ന ശീർഷകത്തിൽ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU V K
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
P Y Usha
Date: 01-02-2025 12:34:32
സെക്ഷൻ ഓഫീസർ